DEPT. OF ARCHAEOLOGY & MATERIAL CULTURE STUDIES

MAHARAJA'S COLLEGE ERNAKULAM

Government of Kerala Autonomous College

Park Avenue Road,
Opposite Subhash Bose Park,
Marine Drive, Ernakulam,
Kerala 682011

https://maharajas.ac.in/
archaeology@maharajas.ac.in

nirf NATIONAL INSTITUTIONAL RANKING FRAMEWORK 75 In College Category

Recognised as Centre with Potential for Excellence by the UGC

ACCREDITED WITH GRADE A NAAC

Ranked 10th KIRF Kerala Institutional Ranking Framework

LEGACY OF 150 YEARS

<u>പ്രസിദ്ധീകരണത്തിന്</u>

Date: 10-01-2026

## മഹാരാജാസ് കോളേജിൽ 'പുരാവസ്തുശാസ്ത്രവും കൊച്ചിയുടെ പൈതൃകവും' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു

എറണാകുളം: എറണാകുളം മഹാരാജാസ് കോളേജിൻ്റെ നൂറ്റി അൻപതാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി ആൻഡ് മെറ്റീരിയൽ കൾച്ചർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കേരളസർക്കാർ കോളേജ് വിദ്യാഭ്യാസവകുപ്പിൻ്റെ ധനസഹായത്തോടെ മൂന്ന് ദിവസത്തെ ദേശീയ സെമിനാർ ജനുവരി 12 മുതൽ 14 വരെ സംഘടിപ്പിക്കുന്നു. "Reframing the Past: Newer Perspectives in Archaeology & Kochi's Living Heritage: Community, Identity, and Sustainability" എന്നതാണ് സെമിനാറിൻ്റെ പ്രമേയം.

പുരാവസ്തുഗവേഷണ രംഗത്തെ പുതിയ പ്രവണതകളെക്കുറിച്ചും കൊച്ചിയുടെ സാംസ്കാരിക പൈതൃകം, ഐഡന്റിറ്റി, സുസ്ഥിരത എന്നിവയെക്കുറിച്ചും സെമിനാർ ഗൗരവമായ ചർച്ചകൾക്ക് വേദിയൊരുക്കും. ദേശീയതലത്തിൽ പ്രശസ്തരായ നിരവധി വിദഗ്ധർ സെമിനാറിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിക്കും.

പ്രധാന പ്രഭാഷകർ:

ഡോ. മധുലിക സാമന്ത: ജോയിന്റ് ഡയറക്ടർ ജനറൽ, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ.

ഡോ. വി. സെൽവകുമാർ: തമിഴ് യൂണിവേഴ്സിറ്റി, തഞ്ചാവൂർ.

പ്രൊഫ. ബി. വേണുഗോപാൽ: എമിരറ്റസ് പ്രൊഫസർ, ട്രാൻസ്-ഡിസിപ്ലിനറി യൂണിവേഴ്സിറ്റി, ബെംഗളൂരു.

ഡോ. ജെനിപീറ്റർ: യു.സി. കോളേജ്, ആലുവ.

ഡോ. ശ്രീകുമാർ എം. മേനോൻ: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് (NIAS), ബെംഗളൂരു.

പ്രൊഫ. ബിലെ ഇ. മേനോൻ: അഡ്ജങ്ക്റ്റ് പ്രൊഫസർ, കോളേജ് ഓഫ് എൻജിനീയറിങ്, തിരുവനന്തപുരം.

കേരള സർവകലാശാലയിലെ ഡോ. രാജേഷ് എസ്.വി., ഡോ. അഭയൻ ജി.എസ്. തുടങ്ങിയവരും സെമിനാറിൽ പങ്കെടുക്കും.

കൂടാതെ, കൊച്ചിയുടെ പൈതൃകത്തെക്കുറിച്ചുള്ള പ്രഗത്ഭ ചിത്രകാരൻ ദിനേഷ് ഷേണായിയുടെ ചിത്രങ്ങളുടെ പ്രദർശനവും സെമിനാറിന്റെ ഭാഗമായി ഉണ്ടായിരിക്കും. എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ ജെർലി, മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിലെ റിസർച്ച് അസോസിയേറ്റ് റീമ എം.എസ്. തുടങ്ങിയവരും മറ്റ് ഗവേഷകരും സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

ചരിത്ര ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ സെമിനാർ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് പ്രിൻസിപ്പൽ അറിയിച്ചു.